ജനങ്ങളുടെ സഹായസഹകരണം കൂടി ഉണ്ടായാൽ കഴിയുന്നതും വേഗം ഈ പരാതികൾ അവസാനിപ്പിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. നലേക്കര കെ. കൃഷ്ണൻ: ഫ്ളയിംഗ് സ്ക്വാഡ് പ്രവർത്തനം തുടങ്ങിയതിനുശേഷം മദ്യനിരോധനം സംബന്ധിച്ചു വല്ലതെങ്കിലും improvement ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: പല സ്ഥലങ്ങളിലും വാററ നിറുത്തിയിട്ടുണ്ട്.

The question that a supplementary sum not exceeding Rs. 9,000 be granted under Demand No. III-8. State Excise Duties (iii) Prohibition—T. A., was put and carried.

The grant was made.

*Minister of Health* (Shri A. A. Rahim): Sir, I move for a supplementary grant of Rs. 10,000 under Demand III—8. State Excise Duties (b) (iii) Prohibition–Contingencies.

*Home Minister* (Shri A. J. John): I second it.

ശ്രീ. എ. എ. റഹിം: ഇതും ഈ റീഓർഗനൈസേഷൻ മൂലം വന്നിട്ടുള്ള അധികച്ചെലവിനു വേണ്ടിയുള്ളതാണ്. ഇതു പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

The question that a supplementary sum not exceeding Rs. 10,000 be granted under Demand No. III. State Excise Duties (b) (iii) Prohibition—Contingencies, was put and carried.

The grant was made.

**Demand IX—25. General Administration.**

*Chief Minister* (Shri Panampilli Govinda Menon): Sir, I move for a supplementary allotment of Rs. 1,08,500 Under Demand No. IX—25. General Administration (D) Secretariat and Headquarters Establishment—(a) Civil Secretariat (i) Government Secretariat–Pay of Establishment.

*Home Minister* (Shri A. J. John): I second the motion.

Shri Panampilli Govinda Menon: Sir, this item is entered as serial No. 12 in the printed statement circulated to the hon. Members.

The original grant under this head, as will be seen from page 64 of the Budget was Rs. 4,50,100. The additional amount is required mainly on account of pay revision. The Pay Commission Report had to be implemented with retrospective effect from 1st April 1955. It is also due to the



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

കൂടാതെ, മ്യൂസിയം കണ്ടിജൻസി ജീവനക്കാരെപ്പറ്റിയും ഇവിടെ പരാമർശമുണ്ടായി. അതിനെപ്പറ്റി ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായി പറഞ്ഞുകഴിഞ്ഞതാണ്. മ്യൂസിയം കണ്ടിജൻസി ജീവനക്കാരുടെ ശമ്പളത്തിൽ വ്യത്യാസം വരുത്തിയതു 1953-ലാണ്. ഇതു കഴിഞ്ഞിട്ടു മൂന്നു കൊല്ലക്കാലം അവർ തൃപ്തരായിത്തന്നെ ഇരിക്കുകയായിരുന്നു. രാഷ്ട്രീയനേതാക്കന്മാരാണ് അവരിൽ ചില ധാരണകളുണ്ടാക്കി ഈവക കുഴപ്പങ്ങൾ ഉണ്ടാക്കാൻ പ്രേരണനൽകിയിട്ടുള്ളതു.

ശ്രീ. എ. താണുപിള്ള: ഇന്നു കണ്ടിജൻസി ജീവനക്കാരായി ജോലിനോക്കുന്നവരെല്ലാം തന്നെ സ്ഥിരമായി പിന്നാക്കം നില്ക്കുന്ന ജാതിക്കാരാണെന്നു പരിഗണിച്ചുകൂടെ?

ശ്രീ. എ. ജെ. ജാൺ: അവരുടെ കാര്യത്തിൽ ഗവണ്മെന്റിനു അനുഭാവമുണ്ടെങ്കിലും പി. എസ്സ്. സി. യുടെ നിയമനതത്വങ്ങൾക്കു വിപരീതമായി ഒന്നും ചെയ്യാൻ സാദ്ധ്യമല്ലെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ: മേലാൽ നിയമിക്കുന്ന കണ്ടിജൻസി ജീവനക്കാരുടെ കാര്യത്തിൽ ഗവണ്മെന്റിന്റെ നിലയെന്താണ്?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സമുദായപ്രാതിനിധ്യതത്വം മേലാൽ ഉണ്ടാകുന്ന നിയമനങ്ങളിൽ ദീക്ഷിക്കുമോ?

ശ്രീ. എ. ജെ. ജാൺ: സാമുദായികതത്വം ഭരണഘടനയിൽ ആവശ്യപ്പെടുന്നതനുസരിച്ചു പി. എസ്സ്. സി. ദീക്ഷിക്കുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഇനി ഉണ്ടാകുന്ന കണ്ടിജൻസി ജീവനക്കാരുടെ നിയമനങ്ങളിൽ ഈ തത്വം ഫോളോ ചെയ്യുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കണ്ടിജൻസി ജീവനക്കാരിൽ പട്ടികജാതിക്കാരുടെ ജാതി തിരിച്ചു കണക്ക് എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിന്റെ ആവശ്യമുണ്ടെന്നു തോന്നിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കണ്ടിജൻസി ജീവനക്കാരിൽ നല്ലൊരു വിഭാഗം പട്ടികജാതിക്കാരുണ്ടെന്നറിയാമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, അതു ശരിയല്ല. പട്ടികജാതിക്കാർ അധികവും ഉള്ളവരാണെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല.

ശ്രീ. എ. ജെ. ജാൺ: കണ്ടിജൻസി ജീവനക്കാരുടെ അവശതകൾക്കു പരിഹാരമായി, പി. എസ്സ്. സി. യുടെ നിയമനതത്വങ്ങൾക്കു വിരുദ്ധമായി ഗവണ്മെന്റിനു ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നു പറഞ്ഞുകഴിഞ്ഞു. മ്യൂസിയം ജീവനക്കാർക്ക് ഇപ്പോഴത്തെ ജോലിസമയം

LIBRARY ARCHIVES Kerala Legislative Assembly